വയ്ക്കണമെന്നാണ്. അങ്ങനെ വരുമ്പോൾ അഞ്ചോ ആറോ കോടി രൂപ ഓരോ മാസവും അതു തന്നെ മാറ്റി വയ്ക്കേണ്ടി വരും. ഒരു കാര്യം പറയാം. സർപ്ലസ് വരുന്ന ഫണ്ട് തീർച്ചയായും ബസ് വാങ്ങാനല്ല ഉപയോഗിക്കുന്നത്. ബസ് വാങ്ങുന്നത് ഹഡ്കോയിൽ നിന്ന് കടം വാങ്ങിയാണ്. സർപ്ലസ് വരുന്ന ഫണ്ട് എപ്പോൾ വന്നാലും അത് തൊഴിലാളികൾക്ക് കൊടുക്കാൻ വേണ്ടി വിനിയോഗിക്കും.

(3) കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ആനത്താര പദ്ധതി

ശ്രീമതി രാധാ രാഘവൻ : നോർത്ത് വയനാട് (എസ്.ടി.) നിയോജക മണ്ഡലത്തിൽപ്പെട്ട കൊട്ടിയൂർ പഞ്ചായത്തിലും, തവിഞ്ഞാൽ പഞ്ചായത്തിലും ആനത്താര പദ്ധതി പ്രകാരം 37 ഹെക്റ്റർ ഭൂമി കൂടി ഇനിയും വനം വകുപ്പ് ഏറ്റെടുക്കേണ്ടതുണ്ട് ഇത് ഏറ്റെടുത്ത് കേന്ദ്ര സർക്കാരും, സംസ്ഥാന സർക്കാരും നൽകേണ്ട നഷ്ട പരിഹാരം വിതരണം ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം.

വനവും, സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) : ആനത്താര പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സെന്റ് പെർസെന്റ് സ്പോൺസേഡ് സ്കീം– പ്രോജക്ട് എലിഫന്റ് സ്കീം അനുസരിച്ചാണ് ഈ സംസ്ഥാനത്ത് നടപ്പിലാക്കിയത്. വടക്കേ വയനാട് ജില്ലയിലെ കൊട്ടിയൂർ റേഞ്ചിൽ 41.578 ഹെക്ടർ ഭൂമി 7 റീച്ചുകളിലായിട്ട് ഏറ്റെടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. ഇതുവരെയായി 4 റീച്ചുകളിലായി 27.1254 ഹെക്ടർ ഭൂമിക്ക് നഷ്ട പരിഹാരം കൊടുത്ത് ഏറ്റെടുത്തു കഴിഞ്ഞു. ഇനി അവശേഷിക്കുന്നത് 14.4526 ഹെക്ടർ ഭൂമിയാണ്. ഇത് ഏറ്റെടുക്കണമെങ്കിൽ 5 ലക്ഷം രൂപ ചെലവുവരും. ഈ 5 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന മുറയ്ക്കേ നമുക്ക് ഇത് എടുക്കാൻ സാധിക്കൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. എന്റെ ജില്ലയിലാണ് കൊട്ടിയൂർ പഞ്ചായത്ത്. ഏറെ ആളുകൾ ഇതുകൊണ്ട് പ്രയാസപ്പെടുകയാണ്. കാരണം ലാന്റ് മാർക്ക് ചെയ്തു കഴിഞ്ഞു. ആ ഭൂമി മറ്റൊന്നിനും ഉപയോഗിക്കാൻ സാധിക്കില്ല. പക്ഷെ കേന്ദ്ര ഗവൺമെന്റിൽ നിന്നും പണം കിട്ടുന്ന മുറയ്ക്ക് മാത്രമേ അത് ഏറ്റെടുക്കാൻ സാധിക്കൂ. കേന്ദ്ര സർക്കാരിൽ നിന്ന് പണം ലഭ്യമാക്കാനുള്ള നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുണ്ട്. പണം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നു.

(4) കർഷക തൊഴിലാളി പെൻഷൻ

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : കഴിഞ്ഞ 22 മാസക്കാലമായി കർഷകത്തൊഴിലാളി പെൻഷൻ വിതരണം ചെയ്യാത്തതിനെത്തുടർന്ന് സംസ്ഥാനത്തെ പാവപ്പെട്ട തൊഴിലാളികൾ കടുത്ത പ്രയാസങ്ങൾ നേരിടുകയാണ്. ഈ ആവശ്യങ്ങൾക്ക് 57 കോടി രൂപ വച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അനുവദിച്ച തുക തന്നെ ട്രഷറി ബാൻ കാരണം ലഭ്യമാകുന്നില്ല. കുടിശ്ശിക തീർക്കാനുള്ള മുഴുവൻ തുകയും കിട്ടണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ട് K.S.K.T.U -ന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തുകയാണ്. ഈ കാര്യം ഉദാര മനസ്സോടെ പരിഗണിക്കണം.

ധനകാര്യവും, എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കര നാരായണൻ) : 31-01-2002 വരെയുള്ള കർഷകത്തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ട്. ഇനി കുടിശ്ശിക 98 കോടി 26 ലക്ഷം ഉറുപ്പികയാണ്. 2003-2004-ലെ ബഡ്ജറ്റിലും 37 കോടി 20 ലക്ഷം ഉറുപ്പിക ഇതിനുവേണ്ടി നീക്കി വച്ചിട്ടുണ്ട്. കൂടാതെ വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ കുടിശ്ശിക തീർക്കാൻ വേണ്ടി 2003-2004 ബഡ്ജറ്റിൽ മാത്രമായി 150 കോടി ഉറുപ്പികയും മാറ്റി വച്ചിട്ടുണ്ട്. മറ്റ് സാമൂഹ്യ ക്ഷേമ പെൻഷനുകളൊക്കെ കൊടുത്തിട്ടുണ്ട്. ഇത് ഉടനെ തന്നെ കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(5) വ്യാജ മദ്യം തടയുന്നതിനുള്ള നടപടി

ശ്രീ. ജോസഫ് എം. പുതുശ്ശേരി: വ്യാജ മദ്യവിതരണം സംസ്ഥാനത്തുടനീളം വ്യാപകമായി നടക്കുന്നു എന്ന കാര്യം ഈ സഭയുടേയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. 1996-ൽ ചാരായ നിരോധനം ഏർപ്പെടുത്തിയതിനു ശേഷം വളരെ ഭംഗിയായി മൂന്ന് മാസക്കാലം വ്യാജമദ്യം തടയാൻ കഴിഞ്ഞു. ഇന്ന് വ്യാജമദ്യവിതരണം വ്യാപകമായി നടക്കുകയാണ്. എല്ലാ പത്രങ്ങളിലും ഈ റിപ്പോർട്ട് വന്നിട്ടുണ്ട്. ഏറ്റവും ഒടുവിൽ മലയാള മനോരമയുടെ 'നാലു കാലിൽ' എന്ന പേരിൽ ഒരു പരമ്പര ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ വിശദാംശങ്ങൾ റിപ്പോർട്ടിൽ ഉണ്ട്. ഫലപ്രദമായ നടപടികൾ സ്വീകരിച്ചാൽ ഇത് തടയാൻ കഴിയും. ഇതിനുള്ള ഇച്ഛാശക്തി ഗവൺമെന്റ് കാണിക്കണം. കുപ്പണയടക്കമുള്ള മദ്യ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഇത് വീണ്ടും ആവർത്തിക്കാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. അതുകൊണ്ട് ഗവൺമെന്റ് വളരെ കാര്യമായി ഇടപെട്ട് ഈ വ്യാജ മദ്യ വിതരണം തടയാനുള്ള ശ്രമം നടത്തണം. ഒരു വലിയ പാരലൽ സാമ്രാജ്യമായി വ്യാജ മദ്യ ലോബി വളർന്നിരിക്കുകയാണ്. അവരെ നേരിടാനുള്ള കർശനമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണം.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ, മലയാള മനോരമയിൽ വന്ന റിപ്പോർട്ട്, ഞാൻ വായിക്കുന്നുണ്ട്. കുറേ കാര്യങ്ങളൊക്കെ ശരിയാണ്. കുറേ കാര്യങ്ങളൊക്കെ ശരിയാണോ എന്നുള്ളത് പരിശോധിക്കേണ്ടതാണ്. വളരെ ശക്തിയായ തീരുമാനം തന്നെയാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. വാഹന പരിശോധന നടത്തുന്നുണ്ട്. പോലീസ്, സെയിൽസ് ടാക്സ്, വനം, റവന്യൂ എന്നീ വകുപ്പുകൾ കൂട്ടായിട്ട് റെയ്ഡ് നടത്തുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നിലവിൽ വന്നിട്ടുണ്ട്. പന്ത്രണ്ടിന പരിപാടി കൊണ്ടുവന്നിട്ടുണ്ട്. ഒരു ലക്ഷത്തിലധികം റെയ്ഡ് തന്നെ നടത്തിയിട്ടുണ്ട്. ഇതൊക്കെ ആയിട്ടും പല ദിക്കിലും ഇപ്പോഴും ചാരായമൊക്കെ നില നിൽക്കുന്നുണ്ട്. റെയിഡുകൾ കുറേക്കൂടി ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly